**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6131** — **02.04.2018 ൽ മറുപടിയ്ക്ക്**

## യുവജനക്ഷേമ വകുപ്പ്/ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ

**ചോദ്യം**

**ശ്രീ. ആന്റണി ജോൺ**

**മറുപടി**

**ശ്രീ.എ.സി. മൊയ്തീൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | യുവജനക്ഷേമ വകുപ്പ്/ബോർഡ് സംസ്ഥാനത്ത് നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) | യുവജനക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന യുവജനകമ്മീഷൻ /യുവജനക്ഷേമ ബോർഡ് എന്നിവ മുഖാന്തിരം താഴെപറയുന്ന യുവജനക്ഷേമ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>സംസ്ഥാനത്തെ യുവജനങ്ങളുടെ സർഗ്ഗ ശേഷിയും കർമ്മശേഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി യുവജനക്ഷേമ ബോർഡ് വിവിധങ്ങളായ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കേരളോത്സവം, യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണം, ക്ലബ്ബുകളിലെ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് യൂത്ത് കേരള എക്സ്പ്രസ്സ് എന്ന റിയാലിറ്റി ഷോ, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, യുവ സാഹിത്യ ക്യാമ്പ്, യുവമാധ്യമ പ്രവർത്തക ക്യാമ്പ്, സാഹസിക പ്രവർത്തനങ്ങൾ, വനിതാശിൽപശാല, പി.എസ്.സി പരീക്ഷാ പരിശീലനം, യുവജനദിനാചരണങ്ങൾ, സംരംഭകത്വ വികസന പരിപാടികൾ, യുവപ്രതിഭകളെ കണ്ടെത്തി യൂത്ത് അവാർഡ് നൽകൽ. നാടൻകലാമേള, ബോധവൽക്കരണ ക്യാമ്പയിനുകൾ, കലാ കായിക പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികൾ ബോർഡ് നടപ്പിലാക്കി വരുന്നു.<br>കേരള സംസ്ഥാന യുവജന കമ്മീഷൻ 2017-18 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പദ്ധതി പ്രവർത്തനങ്ങൾ നടത്തി |

| | | | |
|---|---|---|---|
| | | | വരുന്നു.<br><br>1. കോളേജുകളിലും യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള സ്ഥലങ്ങളിലും മദ്യം-മയക്കുമരുന്ന് ദുരുപയോഗത്തിനെതിരെയും സൈബർ കുറ്റകൃത്യങ്ങൾ, ട്രാഫിക് ബോധവത്കരണം എന്നിവ സംബന്ധിച്ച് നടത്തി വരുന്ന ബോധവത്കരണ പരിപാടികൾ.<br><br>2. പട്ടിക ജാതി-പട്ടിക വർഗ്ഗ കോളനികളിൽ മദ്യം-മയക്കുമരുന്ന് ദുരുപയോഗം എന്നിവയ്ക്കെതിരെ നടത്തി വരുന്ന ബോധവത്കരണ പരിപാടികൾ.<br><br>3. ജില്ലാതല സെമിനാറുകൾ<br><br>4. ദേശീയ സെമിനാർ.<br><br>5. ജോബ് ഫെസ്റ്റ്<br><br>6. ദേശീയ യുവജന ദിനാഘോഷം.<br><br>7. വിവിധ മേഖലകളിൽ മികവ് പുലർത്തിയ യുവാക്കളെ ആദരിക്കുന്നതിനായി നൽകി വരുന്ന യൂത്ത് ഐക്കൺ അവാർഡ്.<br><br>8. ജില്ലാതല അദാലത്തുകൾ<br><br>9. ശ്രീനാരായണ ഗുരുവിന്റെ "നമുക്ക് ജാതിയില്ലാ" പ്രഖ്യാപനത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് "വർഗ്ഗീയതയ്ക്കെതിരെ നവോത്ഥാന സദസ്സുകൾ. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം മണ്ഡലത്തിൽ യുവജനക്ഷേമ വകുപ്പ്/ ബോർഡിന്റെ കീഴിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | (ബി) | കോതമംഗലം നിയോജകമണ്ഡലം കേന്ദ്രീകരിച്ച് യുവജനക്ഷേമ വകുപ്പ്/ ബോർഡ് പരിപാടികളൊന്നും സംഘടിപ്പിച്ചിട്ടില്ല |
| (സി) | കോതമംഗലം മണ്ഡലത്തിൽ യുവജനക്ഷേമ വകുപ്പ്/ബോർഡ് പുതിയ | (സി) | കുട്ടമ്പുഴയിലെ ആദിവാസി ഊരുകളിലെ യുവജനക്കൂട്ടായ്മയെ ഉൾപ്പെടുത്തി ബോർഡ് |

| | | | |
|---|---|---|---|
| | പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ? | | നേതൃത്വം നൽകി യുവാ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഉദ്ഘാടനം 2018 മാർച്ച് 29ന് കുട്ടമ്പുഴ ട്രൈബൽ ഷെൽട്ടറിൽ നടന്നു. പ്രസ്തുത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യാനും ക്ലബ്ബുകളുടെ പ്രവർത്തനത്തിനും പരിപാടികൾ സംഘടിപ്പിക്കുന്നതിനും ധനസഹായം നൽകുന്നതിനുമായി ആകെ 1,24,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ